"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട കാരംവേലി എസ്.എൻ.ഡി.പി.എച്ച്.എസ്.ലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.സുഭാഷൻ എൻ.എസ്. ഫയൽ ചെയ്ത 7636/2025 നമ്പർ റിട്ട് ഹർജിയിന്മേൽ 25/02/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4617/2025/GEDN തീയതി,തിരുവനന്തപുരം, 11-07-2025

പരാമർശം:-

1. ശ്രീ.സുഭാഷൻ എൻ.എസ്.സർക്കാരിൽ സമർപ്പിച്ച 12/2/2025ലെ റിവിഷൻ ഹർജ്ജി (എക്സിബിറ്റ് പി12)
2. റിട്ട് ഹർജി നം.7636/2025 നമ്പർ റിട്ട് ഹർജിയിന്മേൽ 25/02/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 8/5/2025ലെ DEOPTA/1811/2024-B4 നമ്പർ ഹിയറിംഗ് റിപ്പോർട്ട്
4. SNDP യോഗം സ്കൂൾസ് ജനറൽ മാനേജരുടെ 9/5/2025ലെ ഹിയറിംഗ് നോട്ട്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/5/2025ലെ DGE/8822/2025-R1 നമ്പർ ഹിയറിംഗ് റിപ്പോർട്ട്

**ഉത്തരവ്**

പത്തനംതിട്ട കാരംവേലി എസ്.എൻ.ഡി.പി.എച്ച്.എസ്.ലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.സുഭാഷൻ എൻ.എസ്. ഫയൽ ചെയ്ത 7636/2025 നമ്പർ റിട്ട് ഹർജിയിന്മേൽ 25/02/2025 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി12 റിവിഷൻ ഹർജി, ഹർജിക്കാരൻ, ബന്ധപ്പെട്ടവർ എന്നിവരെ കേട്ട്, വിധിപ്പകർപ്പ് കിട്ടി നാല് മാസത്തിനകം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 13.05.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരൻ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

4. കൊല്ലം എസ്.എൻ.ഡി.പി. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിലെ കാരംവേലി എസ്.എൻ.ഡി.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീമതി.സിസ്ധു ജെ.യ്ക്ക് ടി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗം ലബോറട്ടറി അസിസ്റ്റന്റായി 24.07.2001 മുതൽ തസ്തിക മാറ്റം മുഖേന സ്ഥാനക്കയറ്റം നൽകിയതു മൂലമുണ്ടായ വേക്കൻസിയിൽ ഓഫീസ് അറ്റൻഡന്റായി തന്നെ 10.08.2001 മുതൽ മാനേജർ നിയമിച്ചു. തദവസരത്തിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 1999 മുതൽ 2003 വരെ നിയമിച്ച ലാബ് അസിസ്റ്റന്റുമാരുടെ നിയമനത്തിന് 28.03.2003 തീയതി പ്രാബല്യത്തിലാണ് നിയമനാംഗീകാരം നൽകിയത്. ഇക്കാരണത്താൽ തന്റെ 10.08.2001 മുതലുള്ള നിയമനത്തിനും 28.03.2003 പ്രാബല്യത്തിലാണ് നിയമനാംഗീകാരം ലഭിച്ചത്.

5. തുടർന്ന് 01.07.2019 മുതൽ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം കിട്ടുകയും നിയമനാംഗീകാരം ലഭിച്ച് സേവനത്തിൽ തുടരുകയും ചെയ്യുന്നു. അങ്ങനെയിരിക്കെ സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ 1999 മുതൽ 2003 വരെയുള്ള കാലഘട്ടത്തിൽ മാനേജർ നിയമിക്കുകയും 28.03.2003 തീയതി മുതൽ മാത്രം നിയമനാംഗീകാരം ലഭിക്കുകയും ചെയ്ത ലാബ് അസിസ്റ്റന്റുമാർക്ക് ശമ്പള കുടിശ്ശികയില്ലാതെ സർവ്വീസ് അംഗീകരിച്ച് ടി കാലയളവിലെ നോഷണൽ ഫിക്സേഷൻ നൽകി തുടർ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.സിസ്ധു ജെ.യുടെ നിയമനാംഗീകാരം പുനഃക്രമീകരിച്ച് 24.07.2001 മുതൽ ഹയർ സെക്കൻഡറി വിഭാഗം ചെങ്ങന്നൂർ ഉപമേധാവി ഉത്തരവു പുറപ്പെടുവിച്ചു. ലാബ് അസിസ്റ്റന്റുമാർക്ക് സ്ഥാനക്കയറ്റം നൽകിയപ്പോഴുണ്ടായ ഒഴിവുകളിലേക്ക് നിയമനം നേടിയ ജീവനക്കാരുടെ നിയമനവും നോഷണലായി പരിഗണിച്ച് അംഗീകാരം നൽകുന്നതിൽ തടസ്സമില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം അനുമതി നൽകുകയും ചെയ്തു.

6. എന്നാൽ 10.08.2001 മുതൽ സർവ്വീസ് ക്രമീകരിച്ച് നോഷണലായി ശമ്പള പുനഃനിർണ്ണയം ചെയ്തു ലഭിക്കുന്നതിനായി പ്രൊപ്പോസൽ അംഗീകാരത്തിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിച്ചുവെങ്കിലും മടക്കി നൽകുകയുണ്ടായി.

7. അങ്ങനെയിരിക്കെ എയ്ഡഡ് സ്കൂൾ ക്ലാർക്ക്മാർക്ക് അവരുടെ മുൻകാല ലാസ്റ്റ് ഗ്രേഡ് (ഓഫീസ് അറ്റൻഡന്റ്/ഫുൾടൈം മീനിയർ) സേവനംകൂടി ചേർത്ത് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നതിന് സ.ഉ.(അ ച്ചടി) നം.24/2024/പൊ.വി.വ. തീയതി 20.11.2024 പ്രകാരം ഉത്തരവായി. ആയതിന്റെ വെളിച്ചത്തിൽ തന്റെ 10.08.2001 മുതൽ 30.06.2019 വരെയുള്ള ലാസ്റ്റ് ഗ്രേഡ് സേവനകാലം കൂടി കണക്കാക്കി അർഹമായ സയമബന്ധിത ഹയർ ഗ്രേഡു പ്രൊമോഷനുകൾ അനുവദിക്കുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും തീരുമാനമാകാതെ കിടക്കുന്നു.

8. ഇതിനെ തുടർന്നാണ് സർക്കാർ മുമ്പാകെ റിവിഷൻ ഹർജിയും ബഹു. ഹൈക്കോടതിയിൽ 7636/2025 നമ്പർ റിട്ട് ഹർജിയും ഫയൽ ചെയ്തിട്ടുള്ളത്.

9. സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 10.08.2001 മുതൽ 27.03.2003 വരെയുള്ള

സേവനകാലം നോഷണലായി ശമ്പളം ക്രമീകരിച്ച് നൽകിയും 10.08.2001 മുതൽ 30.06.2019 വരെയുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സേവനകാലം കണക്കിലെടുത്ത് അർഹമായ സമയ ബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷനുകളും അനുവദിച്ചുത്തരവാകുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നതാണ് ഹർജ്ജിക്കാരന്റെ വാദം.

10. ശ്രീ.സുഭാഷന് 10/08/2001 മുതൽ 27/03/2003 വരെയുള്ള കാലയളവ് കൂടി പരിഗണിച്ച് സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദേശം പുറപ്പെടുവിക്കണമെന്ന് മാനേജരും ആവശ്യപ്പെട്ടിട്ടുണ്ട്.

**വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട് ഇപ്രകാരമാണ്**

11. സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 1999 മുതൽ 2003 വരെയുള്ള കാലഘട്ടത്തിൽ മാനേജർമാർ നിയമിക്കുകയും 28.03.2003 മുതൽ മാത്രം നിയമനാംഗീകാരം ലഭിക്കുകയും ചെയ്ത ലാബ് അസിസ്റ്റന്റ്മാർക്ക് ശമ്പള കുടിശ്ശികയില്ലാതെ സർവീസ് അംഗീകരിച്ച് ടി കാലയളവിൽ നോഷണൽ ഫിക്സേഷൻ നൽകി തുടർ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകാൻ സ.ഉ.(കൈ)നം. 146/2018/പൊവിവ തീയതി 08.10.2018 പ്രകാരം ഉത്തരവായിരുന്നു.

12. പ്രസ്തുത ഉത്തരവിനെ തുടർന്ന് 1999 മുതൽ 2003 വരെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റ്മാരായി ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും സ്ഥാനക്കയറ്റം നേടുകയും ഇപ്രകാരം സ്ഥാനക്കയറ്റം നേടിയവർക്ക് പകരമായി ഹൈസ്കൂൾ വിഭാഗത്തിൽ നിയമിക്കപ്പെട്ടവരുടെ നിയമനങ്ങൾ ബന്ധപ്പെട്ട മാനേജർമാർ നിയമന പ്രപ്പോസൽ സമർപ്പിക്കുകയോ പുന:സമർപ്പിക്കുകയോ ചെയ്യുന്ന മുറയ്ക്ക് 08.10.2018 ലെ സ.ഉ.(കൈ)നം. 146/2018/പൊവിവ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അതത് വിദ്യാഭാസ ആഫീസർമാർ തന്നെ പരിഗണിക്കുന്നതിനും ആദ്യ നിയമന പ്രപ്പോസൽ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിലും നോഷണലായി അംഗീകരിച്ചു നൽകാനും അവയുടെ പരിണിത ഒഴിവിലെ നിയമനങ്ങളും നോഷണലായി അംഗകരിക്കാനും പൊതു വിദ്യാഭാസ ഡയറക്ടറുടെ 06.09.2023 ലെ കത്ത് നം.ഡിജിഇ/5924/2023/എച്ച്2 പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

13. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാരംവേലി എസ്.എൻ.ഡി.പി.എച്ച്.എസ്.ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി സിന്ധു ജെ.യെ 24.07.2001 മുതൽ ലാബ് അസിസ്റ്റന്റ് ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ ശ്രീ.സുഭാഷൻ എൻ.എസ്.നെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 10.08.2001 മുതൽ നിയമിച്ചു. പ്രസ്തുത നിയമനം 04.08.2024 ലെ ബി4/56873/2023 നമ്പർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.09.2023 ലെ എച്ച്2/5924/2023 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ നോഷണലായി അംഗീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ശ്രീ.സുഭാഷൻ എൻ.എസ്.ന്റെ 28.03.2003 മുതൽക്കുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം 03.12.2005ലെ ബി4/12589/2005 നമ്പർ ഉത്തരവ് പ്രകാരവും അംഗീകരിച്ച് നൽകിയിട്ടുണ്ട്.

14. ശ്രീ.സുഭാഷൻ എൻ.എസ്.ന്റെ 10.08.2001 മുതലുള്ള നിയമനം അംഗീകരിച്ചതിനെ തുടർന്ന് ശമ്പളം പുന:നിർണ്ണയിക്കുന്നതിന് വേണ്ടി സ്കൂൾ മേധാവി പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലേയ്ക്ക് അപേക്ഷ നൽകിയെങ്കിലും ശമ്പള പുന:നിർണ്ണയം നടത്തുമ്പോൾ ഏത് കാലയളവ് മുതലാണ് സാമ്പത്തിക ആനുകൂല്യം നൽകേണ്ടത് എന്ന് സംബന്ധിച്ച് നിലവിലെ സർക്കാർ ഉത്തരവിൽ പരാമർശമില്ല എന്ന കാരണത്താൽ നിരസിച്ച് നൽകി. ആയതിനെതിരെയാണ് ടിയാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 7636/2025 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

15. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ശ്രീ.സുഭാഷൻ എൻ.എസ്.ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 10.08.2001 മുതലുള്ള നിയമനം സ.ഉ.(കൈ) നം.146/2018/പൊവിവ തീയതി 08.10.2018, പൊതുവിദ്യാഭാസ ഡയറക്ടറുടെ 06.09.2023-ലെ കത്ത് നം.ഡിജിഇ/5924/2023/എച്ച്2 എന്നിവ പ്രകാരം നോഷണലായും, തുടർന്നുള്ള 28.03.2003 മുതലുള്ള നിയമനവും അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ശമ്പള പുന:നിർണ്ണയം നടത്തുമ്പോൾ സാമ്പത്തിക ആനുകൂല്യം ഏത് കാലയളവ് മുതൽ നൽകണമെന്നതിനെ സംബന്ധിച്ച് സർക്കാർ ഉത്തരവിൽ പരാമർശമില്ലാത്തതിനാൽ നിയമന അംഗീകാര തീയതി മുതൽ (10.08.2001 മുതൽ) ശമ്പളം പുന:നിർണ്ണയച്ച് സാമ്പത്തിക ആനുകൂല്യം നൽകുവാൻ നിലവിൽ കഴിയില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സർക്കാർ ടി വിഷയം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി.**

16. മാതൃ ജീവനക്കാർക്ക് ധനകാര്യ വകുപ്പിന്റെ എതിർപ്പ് മറികടന്ന് ബഹു.സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവരവരുടെ നിയമനത്തീയതി മുതൽ നോഷണലായി നിയമനാംഗീകാരം നല്ലിയതിനെ തുടർന്ന് ഒഴിവുകൾ വ്യവസ്ഥാപിതമാകയാൽ ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തി ഇത്തരത്തിൽ ചില വ്യക്തിഗത കേസുകളിൽ നിയമനാംഗീകാരം നോഷണലായി നൽകി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചത് ധനകാര്യ വകുപ്പിന്റെ അനുമതി തേടാതെ ആയതിനാൽ പുന:പരിശോധിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് അപ്രകാരം ശ്രീ.സുഭാഷൻ എൻ.എസ്. ഫയൽ ചെയ്ത 7636/2025 നമ്പർ റിട്ട് ഹർജിയിന്മേൽ 25/02/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.സുഭാഷൻ എൻ.എസ്., ക്ലർക്ക്, എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്., കാരംവേലി,
നെല്ലിക്കാല പി.ഒ.,പത്തനംതിട്ട-689 643
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട
മാനേജർ, എസ്.എൻ.ഡി.പി. യോഗം സ്കൂൾസ്, കൊല്ലം-691 001
വൈസ് പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ, എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്., കാരംവേലി,
നെല്ലിക്കാല പി.ഒ.,പത്തനംതിട്ട-689 643
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 11-07-2025 14:21:02

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.